പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2196 | 11/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**തദ്ദേശീയ ഭക്ഷ്യ ഉൽപ്പന്ന ബ്രാൻഡുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തദ്ദേശീയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ; | എ) | ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ തദ്ദേശീയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നോ വിദേശീയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നോ ഉള്ള വേർ തിരിവ് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഭക്ഷ്യ വസ്തുക്കൾ ബ്രാൻഡ് ചെയ്യുന്നതിന് വേണ്ടിയുള്ള നിയമങ്ങളൊ ചട്ടങ്ങളോ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. |
| ബി) | ദൈവത്തിന്റെ സ്വന്തം നാട് എന്ന മാതൃകയിൽ സുരക്ഷിത ഭക്ഷണത്തിന്റെ നാട് എന്ന ലേബലിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെയും ഹോട്ടൽ ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെയും വിപണി സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; | ബി) & സി) | ഉൽപ്പന്നങ്ങളുടെ വിപണി സാദ്ധ്യത പരിശോധിക്കുന്നത് 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. |
| സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഇടപെടലും പരിശോധനയും ഈ മേഖലയിൽ ഗുണപരമായ മാറ്റം ഉണ്ടാക്കും എന്ന കാര്യം പരിശോധിക്കുമോ; | | |
| ഡി | എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഉതകുമാറ് ഭക്ഷ്യസുരക്ഷാ വകുപ്പ് പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | ഇല്ല.ഭക്ഷ്യസുരക്ഷാ വകുപ്പ് 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ നിയമപ്രകാരമുള്ള ഘടനയും ചുമതലയുമാണ് ഇപ്പോൾ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ